കേരള സർക്കാർ

.

# മുടക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(പി2)155/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :18.03.2019

ഡെപ്യൂട്ടി ഡയറക്ടർ

.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമ പഞ്ചായത്ത്

.
സർ,

വിഷയം:- മുടക്കുഴ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ/ഇ.കെ.എം.(പി2)155/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :18.03.2019

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

.

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ.സി.ആർ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.01.2019 മുതൽ 31.01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ശ്രീമതി. മിനു.പി.കെ.,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ഹരീഷ് ബാബു.എൻ.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. കവിത.എസ്.കണ്ണൻ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈമി വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി കെ സി അനിത | 01.04.2017മുതൽ 20.01.2018വരെ |
| | ശ്രീ കെ എൻ രമേശ്(സെക്രട്ടറിയുടെ അധിക ചുമതല) | 21.01.18 മുതൽ 23.01.2018 വരെ |
| | ശ്രീ എം എം അന്ത്രു | 24.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ കെ എൻ രമേശ് | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മഞ്ജു കെ ആർ | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ചന്ദ്രബിന്ദു കെ ആർ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ, തുരുത്തി | ഡോ. പ്രസന്ന കെ | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ,മുടക്കുഴ | ഡോ.എൽദോ കെ വർഗ്ഗീസ് | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.രാജിക കുട്ടപ്പൻ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.പി കെ ലത | 01.04.17 മുതൽ 24.07.17 വരെ |
| | ഡോ.അഹിത എ ഖാദർ | 25.07.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.റഹിം അബ്ദുൾ | 01.04.17 മുതൽ 18.10.17 വരെ |
| | ഡോ.സ്മിത കെ മോഹൻ | 19.10.17 മുതൽ 31.03.18 വരെ |
| ഹെഡ് മിസ്ട്രസ്സ് ഗവ:എൽ.പി.എസ്, വാണിയപ്പിള്ളി | ശ്രീമതി ശ്രീലത കെ എസ് | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സിജിമോൾ എ.എൻ. | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബിന്ദുജ കെ എസ് | 01.04.17 മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തുരുത്തി | ശ്രീമതി. രശ്മി എൻ നമ്പൂതിരി | 01.04.17 മുതൽ 22.06.17 വരെ |
| | ഒഴിവ് | 23.06.17 മുതൽ 10.07.17 വരെ |
| | ശ്രീ രമേശ്കുമാർ സി ജി | 11.07.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, അകനാട് | ശ്രീമതി നീന ബി | 01.04.17 മുതൽ 11.07.17വരെ |
| | ഒഴിവ് | 12.07.17 മുതൽ 10.09.17വരെ |
| | ശ്രീമതി ജാൻസി ജോസഫ് | 11.09.17 മുതൽ 31.03.18 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | വ്യവസായ യൂണിറ്റുകളുടെ എസ്.എസ്.ഐ രജിസ്ട്രേഷൻ ഹാജരാക്കിയില്ല | 2-1 |
| 15 | ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ | 2-2 |
| 16 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 2-3 |
| | ഭാഗം 3 | |
| 17 | അധികം തുക നൽകിയത് സംബന്ധിച്ച് | 3-1 |
| 18 | ടെണ്ടർ നടപടികളിലെ അപാകത കാരണം അധിക തുക നൽകി | 3-2 |
| 19 | സെന്റേജ് ചാർജ് അധികം നൽകി | 3-3 |
| 20 | പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ അപാകത | 3-4 |
| 21 | മഴക്കാല പൂർവ്വശുചീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-5 |
| 22 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-പര്യാപ്തമായ തുക വകയിരുത്തുന്നില്ല | 3-6 |
| 23 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-7 |
| 24 | പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ ജാഗ്രത കുറവ് | 3-8 |

| | | |
|---|---|---|
| 25 | പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ | 3-9 |
| 26 | തെരുവ് വിളക്ക് മെയിന്റനൻസ് – സാക്ഷ്യപത്രത്തിലെ അപാകത | 3-10 |
| 27 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - അനുകരണീയ മാതൃക | 3-11 |
| 28 | സോഷ്യോ എക്കണോമിക് യൂണിറ്റിന്റെ ബയോ ഗ്യാസ് വിതരണം | 3-12 |
| 29 | വിനിയോഗ വിവരം ലഭ്യമല്ല | 3-13 |
| ഭാഗം 4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 42 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് | |
| 43 | റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 ലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 01.06.2018 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 – 30.06.2018 | KSA-EKM(P.G)1786(49)/18, 30.08.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12873743.90 |
| വരവ് | 63008232.00 |
| ആകെ | 75881975.90 |
| ചെലവ് | 66119449.00 |
| നീക്കിയിരിപ്പ് | 9762526.90 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9291000 | 9291000 | 8727641 | 0 | 563359 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6211283 | 6211283 | 5348702 | 0 | 862581 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 2998 | 2998 | 0 | 0 | 2998 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18553695 | 18553695 | 17728462 | 0 | 825233 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2544086 | 0 | 46914 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4364001 | 4364001 | 4069898 | 0 | 294103 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 1894682 | 1894682 | 1761251 | 0 | 133431 |
| എം.എൻ ആർ.ഇ. ജി.എസ്. | 3502 | 708814 | 712316 | 708427 | 3889 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 0 | 5836853 | 5836853 | 5699500 | 137353 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 2858638 | 6099000 | 8957638 | 8493373 | 464265 | 0 |
| സാനിറ്റേഷൻ | 0.5 | 0 | 0.5 | 0 | 0.5 | 0 |
| ബി. ഫണ്ട് | 0 | 133680 | 133680 | 133680 | 0 | 0 |
| സാക്ഷരത | 6284 | 241 | 6525 | 0 | 6525 | 0 |
| ദുരിതാശ്വാസ നിധി | 28797 | 101000 | 129797 | 123957 | 5840 | 0 |
| തനത് ഫണ്ട്(ബാങ്ക്) | 9789397.40 | 9851154 | 19640551.40 | 10590731 | 9049820.40 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 179 | 66580082 | 137 | 45652654 | 37 | 5 | 76.5 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3502 | 708814 | 712316 | 708427 | 3889 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 7234315 | 7234315 | 7234315 | |
| ആകെ | 3502 | 7943129 | 7946631 | 7942742 | 3889 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7680 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 5986200 | 2126 |
| വിധവാപെൻ ഷൻ | 8887500 | 2943 |
| വാർദ്ധക്യകാല പെൻഷൻ | 13880200 | 4300 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3415300 | 1127 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള | 40900 | 172 |

| | | |
|---|---|---|
| ധനസഹായം | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | 30000 | 2 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2019 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4727/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.12.2018 | 11/2018 | 05.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 മുതൽ 22.04.2015 വരെ | 2010-11 മുതൽ 2014-15 വരെ | 08.06.2015 |

# 1-11 ആഭ്യന്തര നിയന്ത്രണം

എ) ഫ്രണ്ട് ഓഫീസ് സംവിധാനം

മുടക്കുഴ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. പഞ്ചായത്തിൽ നിന്നും സേവനം ആവശ്യപ്പെട്ട് എത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ബി) ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി പരിപാലിച്ചു പോരുന്നുണ്ട്. പ്രതിദിന ഡ്യൂട്ടി കൈമാറ്റ വിവരം സാംഖ്യ, സൂചിക രസീത് നമ്പർ സഹിതം രേഖപ്പെടുത്തി ക്ളാർക്കുമാർ ഒപ്പ് വയ്ക്കുന്നുണ്ട്. എന്നാൽ 05/17 മുതൽ 04/18 വരെയുള്ള തീയതികളിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂപ്പർവൈസർ പരിശോധിച്ച് മേലൊപ്പ് വച്ചിട്ടില്ല. ആയത് കൃത്യമായി ചെയ്തുപോരേണ്ടതാണ്.

സി) ഫ്രണ്ട് ഓഫീസ് ഡയറി

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. തപാലുകൾ ഓഫീസിലെത്തുന്ന തീയതിയും, സേവനം ലഭ്യമാക്കുന്ന തീയതി എന്നിവ ഉൾപ്പെടുത്തി ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായ രേഖപ്പെടുത്തലുകളോടുകൂടി സൂക്ഷിക്കേണ്ടതാണ്.

ഡി) ഗ്രാമസഭ

2017-18 ൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 04/2017, 08/2017, 11/2017,

02/2018 എന്നീ മാസങ്ങളിലായി 4 തവണ വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകൾ എല്ലാം തന്നെ ക്വാറം തികഞ്ഞാണ് കൂടിയിരിക്കുന്നത്. ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിപ്പോരുന്നുണ്ട്.

ഇ) വർക്കിംഗ് ഗ്രൂപ്പ്

പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പല വർക്കിംഗ് ഗ്രൂപ്പുകളും നാമമാത്ര യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ, പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പദ്ധതി മോണിറ്ററിംഗ് സംബന്ധമായ ചർച്ചകൾ നടക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടു. വർക്കിംഗ് ഗ്രൂപ്പുകളുടെ ആദ്യത്തെ യോഗങ്ങളിൽ മാത്രം മുഴുവൻ അംഗങ്ങളും പങ്കെടുക്കുകയും പിന്നീടുള്ളവയിൽ അംഗങ്ങളുടെ നാമമാത്ര പ്രാതിനിധ്യം ഉണ്ടാവുകയുമാണ് ചെയ്തിട്ടുള്ളത്.

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 1-ന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-13 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/ തീയതി |
|---|---|---|---|
| 8 | മരാമത്ത് | 66164 | 118010102192/ 31.01.2019 |
| | ആകെ | 66164 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യവസായ യൂണിറ്റുകളുടെ എസ്.എസ്.ഐ രജിസ്ട്രേഷൻ ഹാജരാക്കിയില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 24.02.2015 ലെ സ.ഉ (അ) 36/2015/തസ്വഭവ നമ്പർ ഉത്തരവിന്റെ (എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം) അടിസ്ഥാനത്തിൽ പഞ്ചായത്ത് മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്ട് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 25/-രൂപയായി അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങളെ ച.മീറ്ററിന് 50/- രൂപ നിരക്കിലുള്ള ഇതര വ്യവസായങ്ങളുടെ ഗണത്തിൽപ്പെടുത്താതെ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്ട് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടം എന്ന

ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ഒരു ചതുരശ്ര മീറ്ററിന് 25/-രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റ പേര് | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | എൻ സുരേഷ്, അകനാട് 2/290 | ക്ലോറോ പാസ്റ്റ്, അകനാട് | 1236 $m^2$ |
| 2 | എൻ. സതീഷ്, നെടിയറ 2/298 | ലൈക എസ്റ്റകിസ് | 497 $m^2$ |
| 3 | എൻ .ഭാസ്കരൻ, നെടിയറ 2/300 | ക്യാരീസ് പൈപ്പ്സ്&റ്റ്യൂബ്സ് | 1821 $m^2$ |
| 4 | കെ.പി.അല്ലിറാണി, അകനാട് 2/310 | ലൈക്ക പാക്കേജിംഗ് | 1712 $m^2$ |
| 5 | റ്റി.പി.സജി, ഉമ്പയിൽ 2/407 | അക്വാടെക് പോളിമേഴ്സ് | 862.54 $m^2$ |
| 6 | എം.കെ.സുകുമാരപിള്ള ഇളമ്പകപ്പിള്ളി, 1/188 | ഗണേഷ് ടിമ്പർ ഇൻഡസ്ട്രീസ് | 598.76 $m^2$ |
| 7 | എം.കെ.സുരേഷ് കുമാർ ഇളമ്പകപ്പിള്ളി, 1/189 | ശ്രീകൃഷ്ണ എന്റർപ്രൈസസ് | 824.46 $m^2$ |
| 8 | എൻ.പി.ഉണ്ണിക്കൃഷ്ണൻ ഇളമ്പകപ്പിള്ളി, 1/190 | സ്റ്റെർലിംഗ് വെനീർസ് | 824.46 $m^2$ |
| 9 | എം.കെ.ഗോപാലകൃഷ്ണൻ ഇളമ്പകപ്പിള്ളി, 1/191 | സ്റ്റെർലിംഗ് പ്ലൈബോർഡ്സ് | 1640 $m^2$ |
| 10 | റെജി കുര്യാക്കോസ് പ്രളയക്കാട്, 7/231 A | സൂപ്പർ ബോഡീസ് | 884 $m^2$ |
| 11 | ചിന്നമ്മ കുര്യാക്കോസ്, പ്രളയക്കാട്,7/233A | സൂപ്പർ ട്രേഡിംഗ് കമ്പനി | 2300 $m^2$ |
| 12 | ഗീവർഗീസ് തത്വാരിൽ 5/138 B | കുടിവെള്ള കമ്പനി | 613.66 $m^2$ |
| 13 | ബീന ബാബു, നടുവിലേമാലി 11/116 B | ഹാച്ചറി യൂണിറ്റ് | 299.34 $m^2$ |
| 14 | ലാലി ജോർജ് 3/126 A | ഇവന്റ് പ്രീമിയം എന്റർപ്രൈസസ് | 271.01 $m^2$ |
| 15 | കെ.എച്ച്.സുധീർ 2/189 A | സ്ററീൽ ഫർണിച്ചർ | 298.95 $m^2$ |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്ട് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ (സർട്ടിഫിക്കറ്റ്) ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-2/23.1.19)മറുപടി

നൽകിയില്ല.വസ്തുനികുതി നിർണയം കൃത്യമാണെന്നുറപ്പ് വരുത്തുന്നതിലേക്ക് ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. സാധുവായ സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും അധിക നിരക്കിലുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി ആൻഡ് ഒ ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം (5) പ്രകാരം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ നടത്തുന്ന (പട്ടിക -1ൽ പരാമർശിച്ചിരിക്കുന്ന വസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിപണനം) ഏതൊരു വ്യക്തിയും ലൈസൻസിനുള്ള അപേക്ഷ നൽകേണ്ടതും ചട്ടം (6), (7) എന്നിവ പ്രകാരം സെക്രട്ടറിക്ക് അപേക്ഷയിൻ മേൽ ലൈസൻസ് അനുവദിച്ച് ഉചിതമായ ഫീസ് ചുമത്താവുന്നതുമാണ്.

മേൽ ചട്ടങ്ങളിലെ 3ാം ചട്ടം, പട്ടിക -1 , ക്രമ നമ്പർ -130 പ്രകാരം കോഴി, പന്നി,ആട് എന്നിവയുടെ സംഭരണവും വിൽപ്പനയും ക്രമ നമ്പർ -139 പ്രകാരം അബ്കാരി/റ്റോഡി ഷാപ്പുകളും ലൈസൻസിന്റെ പരിധിയിൽ വരുന്നു. പഞ്ചായത്ത് പരിധിയിൽ പൗൾട്രി / ലൈവ് സ്റ്റോക്ക് ഫാം, റ്റോഡി ഷോപ്പ് നടത്തുന്ന താഴെപ്പറയുന്ന വ്യക്തികൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ച് വരുന്നതെന്ന് കാണുന്നു.

.

I പൗൾട്രി / ലൈവ് സ്റ്റോക്ക് ഫാം

| ലൈസൻസി/ഉടമയുടെ പേര് | കെട്ടിട നം/ വിസ്തീർണം | നടത്തുന്ന വ്യാപാരം |
|---|---|---|
| വിന്നി വർഗീസ് | 6/458 c 162.11 $m^2$ | പൗൾട്രി ഫാം |
| എം.സി.വർഗീസ് | 13/56A 493.8 $m^2$ | “ |
| ബിജു.പി.വർഗീസ് | 9/368 C 127.87$m^2$ | “ |
| സജി.ഒ.കെ | 4/304 A 100.28$m^2$ | “ |
| മനോജ് കുമാർ | 9/362 A 192.76 $m^2$ | “ |
| റിജോ ജോസ് ഐമുറി | 4/108 A 193.2$m^2$ | “ |
| ഇ.പി.ജേക്കബ് | 8/1 A 104.72 $m^2$ | ലൈവ് സ്റ്റോക്ക് ഫോം |

II റ്റോഡി ഷോപ്പ്

| | | |
|---|---|---|
| രതീഷ് തൊളൂപ്പടി | 5/364 | Toddy shop |

| | | |
|---|---|---|
| | 60 $m^2$ | |
| റ്റി.കെ.കരുണാകരൻ | 5/155<br>48 $m^2$ | "<br>T.S no-63 |
| കൊച്ചാപ്പ നാരായണൻ | 13/327<br>51 $m^2$ | " |
| സി.ആർ.സദാനന്ദൻ<br>ഇ.എസ്.ജയൻ<br>കെ.എൻ.ഷാജി | 2/147<br>55$m^2$ | "<br>T.S no-153 |

സഞ്ചയയിലെ കണക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ 2017-18വർഷം 600ലേറെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഡി ആൻഡ് ഒ രജിസ്റ്റർ പ്രകാരം തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത് 225 സ്ഥാപനങ്ങൾ മാത്രമാണ്. വാണിജ്യാവശ്യങ്ങൾക്കായി നിർമിച്ച എല്ലാ കെട്ടിടങ്ങളിലും പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും (ഖ-2-6) ആയത് തയ്യാറാക്കുകയോ പരിശോധനക്കായി ഹാജരാക്കുകയോ ചെയ്തില്ല (എൻക്വയറി നം - 6/25.1.19).

മേൽ സ്ഥാപന നടത്തിപ്പുകാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-3 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മൂന്ന് വർഷത്തിലധികമായി റീ ഫണ്ട് ചെയ്യപ്പെടാതെ 2012-2013 മുതലുള്ള നിക്ഷേപങ്ങൾ അവശേഷിക്കുന്നു. റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മേൽ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.2/24.01.2019)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധികം തുക നൽകിയത് സംബന്ധിച്ച്

ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ നം. ഡി.ബി.3/-6512ബി/2013/ സി.ഇ./ ത.സ്വ.ഭ.വ . സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ മോർഡ് ഡേറ്റാ ഉപയോഗിച്ച പ്രൊജക്ടുകളിൽ 10 ശതമാനം നിരക്കിലാണ് ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിരുന്നത്. ഈ തുകയിൽ നിന്നും ഗുണഭോക്തൃ സമിതിക്കാവശ്യമുള്ള ടാക്സിനുള്ള തുകകൾ കണ്ടെത്തണമെന്നാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. ടാക്സുകൾക്കുള്ള 7.5% തുക ആകെ തുകയോടൊപ്പം കണക്കാക്കി നൽകിയാൽ മതിയാകുന്നതാണ്. പഞ്ചായത്തിലെ മിക്ക പ്രവൃത്തികളിലും ഇപ്രകാരമാണ് ചെയ്തിട്ടുള്ളതെങ്കിലും താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകളിൽ ഇപ്രകാരം ചെയ്യാത്തതിനാൽ അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | S0082/18, പാണ്ടിക്കാട് കുറുപ്പത്താഴം റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് |
| കൺവീനറുടെ പേര് | ശ്രീ പീറ്റർ കെ |
| അളവു പുസ്തകം | 91/16-17 |
| ചെലവ് | 325687/- ബിൽ നം. 17/2017-18 / 20.07.2017 |
| അടങ്കൽ | 490000/- |
| ആകെ പ്രവൃത്തി മൂല്യം | 330295.16 |
| കുറയ്ക്കുക 10% ഓവർഹെഡ്- 330295.16x100/110 | 30027 |
| ആകെ | 300268 |
| Add 6% | 18016 |
| ആകെ അനുവദിക്കാവുന്ന പ്രവൃത്തി മൂല്യം | 318284 |
| അധികം പിൻവലിച്ച തുക | 12011/- (330295 - 318284) |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | S0101/18, കനാൽ ബണ്ട് വിച്ചാട്ട് റോഡിൽ ഡ്രെയിൻ നിർമ്മാണം |
| കൺവീനറുടെ പേര് | ശ്രീ രാധാകൃഷ്ണൻ വി കെ |
| അളവു പുസ്തകം | 114/16-17,119/16-17 |
| ചെലവ് | 475881.61/- ബിൽ നം. 32/2017-18 / 22.09.2017 |
| അടങ്കൽ | 499000/- |
| ആകെ പ്രവൃത്തി മൂല്യം | 475881.61 |
| കുറയ്ക്കുക 10% ഓവർഹെഡ്- 475881.61x100/110 | 43262 |

| | |
|---|---|
| ആകെ | 432619.61 |
| Add 6% | 25957.17 |
| ആകെ അനുവദിക്കാവുന്ന പ്രവൃത്തി മൂല്യം | 458577 |
| അധികം പിൻവലിച്ച തുക | 17305/-<br>(475882 - 458577) |

ഇക്കാര്യം പരിശോധിച്ച് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി കരാറുകാർക്ക് നൽകിയ 29316/-(12011+17305)രൂപ നിരാകരിക്കുന്നു. നഷ്ട തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ടെണ്ടർ നടപടികളിലെ അപാകത കാരണം അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ്, പ്രോജക്റ്റ് നമ്പർ | അകനാട്-ആലിൻചുവട് കനാൽ ബണ്ട് റോഡ് -ഐറിഷ് ഡ്രെയിൻ നിർമ്മാണം,S0 119/18 |
| അടങ്കൽ | 680000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവ് പുസ്തകം | 123/17-18 |
| കരാറുകാരൻ | ശ്രീ കെ എൻ കൈലാസനാഥൻ |
| ചെലവ് വിവരങ്ങൾ | ബിൽ നമ്പർ 123/17-18<br>15.03.2018, 590250/- |

മുടക്കുഴ ഗ്രാമപഞ്ചായത്തിലെ അകനാട്-ആലിൻചുവട് കനാൽ ബണ്ട് റോഡ് -ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്റ്റ്. ഇ ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4 കരാറുകാർ ടെണ്ടർ സമർപ്പിക്കുകയും ഐറ്റം റേറ്റ് ക്വോട്ട് ചെയ്തതിൽ ശ്രീ കെ എൻ കൈലാസനാഥൻ എന്ന കരാറുകാരന് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ ബിനോയ് ജേക്കബ്, ശ്രീ എൽദോ എൻ വി എന്നീ കരാറുകാരെ പ്രവൃത്തിയിലെ എല്ലാ ഇനങ്ങൾക്കും അധിക നിരക്ക് ക്വോട്ട് ചെയ്തതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ശ്രീ ശ്രീജിത്ത് കെ എസ് എന്ന കരാറുകാരൻ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തെങ്കിലും അദ്ദേഹത്തിന്റെ ക്വൊട്ടേഷൻ അംഗീകരിച്ചിട്ടില്ല. ഐറ്റം റേറ്റ് ക്വോട്ട് ചെയ്തത് വിശദമായി പരിശോധിക്കാതിരുന്നതു കാരണം അധികം തുക കരാറുകാരന് നൽകിയിട്ടുള്ളതായി വ്യക്തമായി. കരാറുകാർ ക്വോട്ട് ചെയ്ത റേറ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ശ്രീ കെ എൻ കൈലാസനാഥൻ | | | ശ്രീ ശ്രീജിത്ത് കെ എസ് | | |
|---|---|---|---|---|---|
| ഇനം | ചെയ്ത അളവ്, നിരക്ക് | നൽകിയ തുക | ഇനം | ചെയ്ത അളവ്, നിരക്ക് | നൽകാവുന്ന തുക |
| Excavation in Cutting in Soil by means with lead upto 50m (Technical Specification | $90/m^3$x $225/m^3$ | 20250 | Excavation in Cutting in Soil by means with lead upto 50m (Technical Specification | $90/m^3$x $250/m^3$ | 22500 |

| | | | | | |
|---|---|---|---|---|---|
| Clause 302.3) | | | Clause 302.3) | | |
| Od-Providing concrete for plain/reinforced concrete in open foundations1:4:8 (Technical Specification Clause 802,803,1202&1203) | 60/m$^3$x 5500/m$^3$ | 330000 | Od-Providing concrete for plain/reinforced concrete in open foundations1:4:8 (Technical Specification Clause 802,803,1202&1203) | 60/m$^3$x 5600/m$^3$ | 336000 |
| Od-Providing concrete for plain/reinforced concrete in open foundations 1:2:4(Technical Specification Clause 802,803, 1202&1203) | 30m$^3$x 8000/m$^3$ | 240000 | Od-Providing concrete for plain/reinforced concrete in open foundations 1:2:4(Technical Specification Clause 802,803, 1202&1203) | 30m$^3$x 7600/m$^3$ | 228000 |
| ആകെ | | 590250 | | | 586500 |

മേൽ രീതിയിൽ ഐറ്റം റേറ്റ് പരിശോധിക്കാതെ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി(590250-586500=3750). ആയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികമായി നൽകിയ 3750/-രൂപ കരാറുകാരനിൽ നിന്നോ അസി.എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 സെന്റേജ് ചാർജ് അധികം നൽകി

സെക്രട്ടറി നടപ്പിലാക്കിയ "വിവിധ വാർഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ളകണക്ഷൻ എടുക്കുന്നതിന് വേണ്ട പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (നം. 27/17-18)" എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി ₹309600/- കേരള വാട്ടർ അതോറിറ്റിയിലേക്ക് അടച്ചിട്ടുണ്ട്.

ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ താഴെപറയുന്ന ന്യൂനതകൾ കാണുന്നു.

1) 11.01.16 ലെ ജി.ഒ.എം.എസ് 04/2016 പ്രകാരം കെ.ഡബ്ല്യു.എ, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ ഈ പ്രോജക്ട് നടപ്പാക്കുന്നതിനായി കെ.ഡബ്ല്യു.എ.യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
2) കെ.ഡബ്ല്യു.എ.യ്ക്ക് നൽകിയ തുകയിൽ സെന്റേജ് ചാർജായി എസ്റ്റിമേറ്റ് തുക (₹275115)യുടെ 12.5% ആയ 34389/- രൂപയും ചേർത്തിട്ടുള്ള തുക ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. പി.ഡബ്ളിയു.ഡി മാനവൽ സെക്ഷൻ 1601.4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന സെന്റേജ് ചാർജ് 10% മാത്രമാണ്. മേൽ പ്രോജക്ടിൽ താഴെപറയുന്നപ്രകാരം 12.5% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്. തൻമൂലം പഞ്ചായത്തിന് 6877/- രൂപ അധികം ചെലവുണ്ടായി. അധിക തുക ഈയിനത്തിൽ ചെലവാക്കാനിടയായ സാഹചര്യമെന്തെന്ന് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് | നൽകിയ | നൽകേണ്ട | വ്യത്യാസം |
|---|---|---|---|

| തുക | സെന്റേജ് ചാർജ് (@12.5%) | സെന്റേജ് ചാർജ് (@10%) | |
|---|---|---|---|
| 275115 | 34389 | 27511 | 6877 |

ഈ തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ, പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിഷയത്തിൽ നടപടി സ്വീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-4 പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ അപാകത

മുടക്കുഴ ജി.യു.പി.എസ്. സ്മാർട്ട് ക്ലാസ്സ് എന്ന പ്രോജക്റ്റിന്റെ നിർവ്വഹണത്തിനായി(പ്രോജക്റ്റ് നമ്പർ 182/18) ₹ 2,03,990/-രൂപ ഓഡിറ്റ് വർഷത്തിൽ ചെലവായിട്ടുണ്ട്. കെൽട്രോൺ മുഖേനയാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ് കരാറിലേർപ്പെട്ടിട്ടില്ല. സ്മാർട്ട് ക്ലാസ്സ് റൂം എന്ന പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 6.1.2018ലെ (സ.ഉ.സാധാ. )നം 97/18/പൊ.വി.വ ഉത്തരവിലെ നിബന്ധനകളിൽ 8-ാമതായി, ഹാർഡ്‌വെയർ പരാതികൾ വിതരണക്കാർ 2 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അറ്റൻഡ് ചെയ്യേണ്ടതും പരമാവധി 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണെന്നും അല്ലാത്ത പക്ഷം പ്രതിദിനം ₹100/- നിരക്കിൽ, (പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ) പിഴ ഈടാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന ഉൾപ്പെടെയുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്റ്റിന്റെ നടത്തിപ്പ് സുഗമമാക്കുന്നതിന് വിതരണ ഏജൻസിയായ കെൽട്രോണുമായി കരാറിലേർപ്പെടേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും, നിർവ്വഹണ ഏജൻസിയിൽ നിന്ന് രേഖാമൂലമുള്ള ഉറപ്പുകൾ ലഭ്യമാക്കിക്കൊണ്ടും പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മഴക്കാല പൂർവ്വശുചീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലെ 13 വാർഡുകളിലും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി വാർഡൊന്നിന് 15000/- രൂപ നിരക്കിൽ വൗച്ചർ നമ്പർ 21700141/25.05.17 പ്രകാരം 130000/-രൂപയും,വൗച്ചർ നമ്പർ 21700142/25.05.17 പ്രകാരം 65000/-രൂപയും (ചെക്ക് നം - 02014701/25.05.17) ഉൾപ്പെടെ 2017-18 വർഷം ആകെ 195000/- രൂപ മുടക്കുഴ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.03.2017ലെ 127/2016ലെ ഉത്തരവ് പ്രകാരം ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതും, ശുചിത്വ മാപ്പിംഗും വാർഡു തല കർമ്മ പരിപാടികളും ആസൂത്രണം ചെയ്യേണ്ടതുമാണ്. 2017 ഏപ്രിൽ മുതൽ ആരംഭിച്ച് കാലവർഷം വരെ നീണ്ടു നിൽക്കുന്ന കർമ്മ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും,മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ളതും,വിവിധ സന്നദ്ധ പ്രവർത്തകരും അടങ്ങുന്ന വാർഡുതല സമിതികൾ രൂപീകരിക്കേണ്ടതുമാണ്. എന്നാൽ 11.05.2017ൽ ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട ഒരു ആലോചനാ യോഗം ചേർന്നതൊഴിച്ചാൽ മറ്റു

പ്രവർത്തനങ്ങൾ ഒന്നും നടന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 08.05.2017 ലെ സ.ഉ(സാധാ)നം.1485/17 ഉത്തരവ് പ്രകാരം 10000/-രൂപ വീതം ശുചിത്വ മിഷനിൽ നിന്നും ഗ്രാന്റായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനും ബാക്കിയുള്ള 5000/-രൂപ തനതു ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും അനുമതി നൽകിയിരുന്നു. 2017 ജൂൺ 30ന് മുൻപായി ചെലവഴിക്കുന്ന തുകയുടെ വിനിയോഗ വിവരം തദ്ദേശ സ്വയം ഭരണ വകുപ്പിനെ അറിയിക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 15000/-രൂപ വീതം 13 വാർഡുകൾക്കും നൽകിയിരുന്നുവെങ്കിലും ആയതിന്റെ ചെലവുരേഖകൾ (കർമ പദ്ധതി, വൗച്ചറുകളുടെ പകർപ്പ്, വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, വിനിയോഗ വിവരം) ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. എല്ലാ വാർഡുകളിലും 15000/-രൂപ മുഴുവനായും ചെലവഴിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. വിവരം അറിയിക്കുന്നതു വരെ 195000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-പര്യാപ്തമായ തുക വകയിരുത്തുന്നില്ല

പ്രൊജക്ട് നം : 05/18

ചെലവഴിച്ച തുക : 8,00,000 രൂപ

(4,00,000 – വികസന ഫണ്ട്,

2,00,000 – ബ്ളോക്ക് വിഹിതം,

2,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം).

ഓഡിറ്റ് വർഷം 14 ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും 54 മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അടക്കം 68 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ് ഒരു മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടത്. എന്നാൽ 10892/- രൂപയാണ് 2017-18 സാമ്പത്തിക വർഷം ഒരു കുട്ടിക്ക് ലഭിച്ചതായി കാണുന്നത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മാത്രമാണ് മുഴുവൻ തുകയും ലഭിച്ചതായി കാണുന്നത്. അർഹരായവർക്ക് മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികളുടെ എണ്ണം കണക്കിലെടുത്താൽ ഏകദേശം 13,69,000/- രൂപയെങ്കിലും സ്കോളർഷിപ്പിനായി പഞ്ചായത്തിനാവശ്യമായി വരുന്നുണ്ട്. എന്നാൽ 8,00,000/-രൂപ മാത്രമാണ് ഈ പദ്ധതിക്കായി പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളതും ചെലവ് ചെയ്തതും. യഥാർത്ഥത്തിൽ ആവശ്യമായ തുകയിലും 5,69,000/-രൂപ കുറവാണ് വകയിരുത്തിയിട്ടുള്ളത്. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ ഇത് സംബന്ധിച്ച് ചർച്ചകളൊന്നും നടന്നിട്ടുള്ളതായി കാണുന്നില്ല. അർഹമായ തുക സ്കോളർഷിപ്പിനത്തിൽ വകയിരുത്തുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(പി)നം.7/2016/ഫിൻ. തീ. 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2016-17, 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക48-പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ. സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | ശ്രീ സുധീർ ബി | സെക്രട്ടറി |
| 2. | ശ്രീ രമേഷ് കെ എൻ | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | ശ്രീ ഗോപകുമാർ ആർ | ഹെഡ്ക്ലാർക്ക് |
| 4. | ശ്രീമതി തൻസീല കെ എം | അക്കൗണ്ടന്റ് |
| 5. | ശ്രീ ജോയ് പോൾ എ | സീനിയർ ക്ളർക്ക് |
| 6. | ശ്രീമതി ഗീത ഗോപാൽ എ | സീനിയർ ക്ലാർക്ക് |
| 7. | ശ്രീമതി രാജലക്ഷ്മി ടി | ക്ലാർക്ക് |
| 8. | ശ്രീ വിനോദ് കെ പി | ക്ലാർക്ക് |
| 9. | ശ്രീമതി വിജി മാത്യു പി | ക്ലാർക്ക് |
| 10. | ശ്രീ ബേബി പോൾ | ഓഫീസ് അറ്റൻഡന്റ് |
| 11. | ശ്രീമതി പെണ്ണമ്മ ബി ടി | പി.റ്റി.എസ്സ് |
| 12. | ശ്രീ ബിനോയ് എ എ | പി.റ്റി.എൽ |

പെൻഷൻ കോൺട്രിബ്യൂഷൻ കൃത്യമായി കണക്കാക്കി യഥാസമയം ഒടുക്കുന്നതു സംബന്ധിച്ച് ജി.ഒ. (എം.എസ്) 205/90/എൽ.എ.ഡി/3-12-1990, ഗവ.സർക്കുലർ നം.54140/ഇ.പി.എ-2/07/ത.സ്വ.ഭ.വ/ 26-6-08, പഞ്ചായത്ത് ഡയറക്ടറുടെ 17-11-03-ലെ സർക്കുലർ നം.എഫ്.3/26572/03- എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓരോ മാസത്തേയും പെൻഷൻ കോൺട്രിബ്യൂഷൻ തൊട്ടടുത്ത മാസം 5-ാം തീയതിക്കു മുമ്പായി അടയ്ക്കേണ്ടതാണെന്നും, അപ്രകാരം ചെയ്യാതിരിക്കുന്നതു മൂലം ഉണ്ടാകാവുന്ന നഷ്ടത്തിന്

സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണെന്നും മേൽനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്.

മേൽ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന (എൻക്വയറി നം. 3/24.01.2017) ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തുക അടവാക്കുന്നതാണെന്ന് അറിയിച്ചു. തുക അടച്ചതിനു ശേഷം വിവരം അറിയിക്കേണ്ടതാണ്.

## 3-8 പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ ജാഗ്രത കുറവ്

പഞ്ചായത്തിൽ 13 വാർഡുകളിലായി 19 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ സ്വന്തം കെട്ടിടത്തിൽ മതിയായ സൗകര്യങ്ങളോടെ (കുടിവെള്ളം, വൈദ്യുതി കണക്ഷൻ, ശൗചാലയം എന്നിവ)യോടെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ പല അങ്കണവാടികളിലും അടുത്ത കാലത്തൊന്നും പെയിന്റിംഗ് നടത്തിയിട്ടില്ല എന്ന ഒരു പോരായ്മയുണ്ട്. ആകർഷകമായ രീതിയിൽ പെയിന്റിംഗ് നടത്തി അങ്കണവാടികളിലെ കുഞ്ഞുങ്ങൾക്ക് കുറച്ചുകൂടിസന്തോഷം പകരുന്ന അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് ഭരണ സമിതി ശ്രദ്ധിക്കുന്നത് നന്നായിരിക്കും. അങ്കണവാടികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നിയുക്തയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് ഓഫീസ് സൗകര്യം പഞ്ചായത്ത് ഒരുക്കിയിട്ടില്ല എന്ന ന്യൂനതയും നിലവിലുണ്ട്. ഓഡിറ്റ് വർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ 41,44,389/-രൂപ ചെലവ് വരുന്ന 7 പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സ്വന്തമായി ഒരു ഇരിപ്പിടം പോലുമില്ലാതെയാണ് ഈ ഉദ്യാഗസ്ഥ തന്റെ കർത്തവ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നത് എന്ന വസ്തുത പഞ്ചായത്തിന് ഭൂഷണമല്ല. ഇത്ര ബൃഹത്തായ രീതിയിൽ പ്രവർത്തനം നടത്തേണ്ട ഒരു ഉദ്യാഗസ്ഥയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള ഒരു ഓഫീസ്, നെറ്റ് കണക്റ്റിവിറ്റിയുള്ള ഒരു കമ്പ്യൂട്ടർ, ഫയലുകൾ സൂക്ഷിക്കുന്നതിന് അടച്ചുറപ്പുള്ള സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കേണ്ടത് അവരുടെ പ്രവർത്തനങ്ങളെ സുഗമമാക്കുന്നതിന് അത്യന്താപേക്ഷിതമാണ്. പഞ്ചായത്ത് അധികൃതർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നത് ഉചിതമായിരിക്കും.

.

## 3-9 പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള വി.ഇ.ഓ.മാർ (വി.ഇ.ഒ.തുരുത്തി, വി.ഇ.ഒ.അകനാട്) ഓഡിറ്റ് വർഷം 10 പ്രോജക്റ്റുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. മൊത്തം 53,87,348/- ചെലവ് വരുന്ന പ്രോജക്റ്റുകളാണിവ. പ്രോജക്റ്റുകൾ സംബന്ധമായ ഫയലുകൾ വി.ഇ.ഓ.മാർ വളരെ മികച്ച രീതിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഓരോ ഫയലും കൃത്യമായി എല്ലാ രേഖകളും സഹിതം വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. ഓരോ പദ്ധതിയുടെയും മോണിറ്ററിംഗ്

റിപ്പോർട്ടുകൾ വളരെ മാതൃകാപരമായിത്തന്നെ ഫയലിനൊപ്പം ഉൾച്ചേർത്തിട്ടുണ്ട്. വി.ഇ.ഓ.മാർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ ഓഡിറ്റ് സുഗമമായി നടത്തുന്നതിന് ഇതുമൂലം സാധിച്ചിട്ടുണ്ട്.

ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.സ്കൂൾ നടപ്പിലാക്കിയിട്ടുള്ള "സ്കൂൾകുട്ടികൾക്ക് പ്രഭാതഭക്ഷണം" (നം19/18) എന്ന പ്രോജക്ടിനായി 3,50,000/- ഓഡിറ്റ് വർഷം ചെലവാക്കിയിട്ടുണ്ട്. സാമൂഹ്യപ്രതിബദ്ധത നിഴലിക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിലൂടെ പഞ്ചായത്തിലെ ഗവ.സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണം നൽകാൻ സാധിക്കുന്നു എന്നത് പഞ്ചായത്തിന് അഭിമാനിക്കാവുന്ന കാര്യമാണ്. പ്രഭാതഭക്ഷണം പോഷക സമൃദ്ധമായിരിക്കണമെന്ന ഉറച്ച നിലപാട് സ്വീകരിച്ച് പരിമിതമായ ഫണ്ട് വിദഗ്ധമായി കൈകാര്യം ചെയ്തുകൊണ്ട് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് പഞ്ചായത്തിനെ സഹായിക്കുന്ന നിർവ്വഹണോദ്യോഗസ്ഥ അഭിനന്ദനാർഹമായ സേവനമാണ് കാഴ്ചവച്ചിരിക്കുന്നത്.

## 3-10 തെരുവ് വിളക്ക് മെയിന്റനൻസ് - സാക്ഷ്യപത്രത്തിലെ അപാകത

സെക്രട്ടറി നടപ്പിലാക്കിയ തെരുവ് വിളക്ക് മെയിന്റനൻസ് (നം.29/18) എന്ന പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 52000/-രൂപ ഓഡിറ്റ് വർഷം ചെലവ് വന്നിട്ടുണ്ട്. ശ്രീ. ജോർജ് പി.വി., ഇളമ്പകപ്പിള്ളി എന്നയാൾക്കാണ് തുക നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ 13 വാർഡുകളിലെയും തെരുവ് വിളക്കുകൾ മെയിന്റനൻസ് വർക്കുകൾ നടത്തിയതിനാണ് തുക നൽകിയത്. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഫയലിൽ ഉൾച്ചേർത്തിരിക്കുന്ന സാക്ഷ്യപത്രങ്ങളിൽ തന്റെ വാർഡിലെ മുഴുവൻ തെരുവ് വിളക്കുകളും നന്നാക്കിയെന്നാണ് ഓരോ മെമ്പർമാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഇത്തരം സാക്ഷ്യപത്രങ്ങൾ ആധികാരികമായി കണക്കാക്കാനാവില്ല. ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ പോസ്റ്റിന്റെ നമ്പർ സഹിതം എണ്ണം കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യപത്രങ്ങളാണ് അഭികാമ്യം. പൊതുപണം കൃത്യമായിത്തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് പഞ്ചായത്ത് അധികാരികളുടെ, പ്രത്യേകിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. അതിനാൽ എണ്ണം കൃത്യമായി കണക്കാക്കുന്നതിനും, ഒരു വർഷം ഇതിനായി വേണ്ടിവരുന്ന ശരാശരി തുക മനസ്സിലാക്കി, ഭാവിയിൽ അതിനനുസൃതമായി എഗ്രിമെന്റ് വച്ച് തുക നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - അനുകരണീയ മാതൃക

മുടക്കുഴ ഗ്രാമപഞ്ചായത്തിൽ 2016 ഡിസംബർ 1 ന് പ്രവർത്തനമാരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി ഓഡിറ്റ് വർഷത്തിൽ 6,50,910/-രൂപ ചെലവുണ്ട്. മാതൃകാപരമായ പ്രവർത്തനം കാഴ്ചവക്കുന്ന ഈ സെന്റർ മറ്റു പഞ്ചായത്തുകൾക്ക് അനുകരണീയമായ രീതിയിലാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ട സാഹചര്യമൊരുക്കുന്നതിൽ പഞ്ചായത്ത് ജാഗ്രത പുലർത്തുന്നുണ്ടെന്നത് അഭിനന്ദനീയമാണ്. സെന്ററിനായി ഓഡിറ്റ് വർഷത്തിൽ 3പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ എത്തുന്ന കുട്ടികൾക്ക് ഭക്ഷണവും, യാത്രാ സൗകര്യവും, തൊഴിൽ പരിശീലനവും

നൽകുന്നതിലൂടെ പാർശ്വവത്കരിക്കപ്പെട്ട മാനസിക വെല്ലുവിളി നേരിടുന്നവരുടെ പരിരക്ഷ ഏറ്റെടുക്കുക എന്ന മഹനീയ ദൗത്യമാണ് പഞ്ചായത്ത് നടപ്പിലാക്കുന്നത്. വിദ്യാർത്ഥികളുടെ വ്യക്ത്യാധിഷ്ഠിതമായ മാനസിക വികാസം കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനൊപ്പം, അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പരിപൂർണ്ണ വികസനം, പുനരധിവാസം, ശാക്തീകരണം എന്നിവയിലേക്ക് അവരെ എത്തിക്കുന്നതിന് ഇത്തരം പദ്ധതികൾ പ്രയോജനപ്പെടും. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ മാനസിക വെല്ലുവിളി നേരിടുന്നവരുടെ ഉന്നമനത്തിന് ഉതകുന്ന തരത്തിൽ തന്നെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിനായി മെഴുകുതിരി നിർമ്മാണം, ചവിട്ടി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുക വഴി അവരെ സ്വയം പര്യാപ്തതയിലേക്കെത്തിക്കാൻ പ്രാപ്തരാക്കുന്നു എന്നത് അഭിനന്ദനീയമാണ്. തുടർന്നും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നത് ഉചിതമായിരിക്കും.

## 3-12 സോഷ്യോ എക്കണോമിക് യൂണിറ്റിന്റെ ബയോ ഗ്യാസ് വിതരണം

2017 -18 വർഷത്തിൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതി (പ്രോജക്ട് നമ്പർ - 48/18) എന്ന പേരിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വി.ഇ.ഒ.(തുരുത്തി സർക്കിൾ) നിർവ്വഹണോദ്യോഗസ്ഥനായി $1M^3$ അളവിലെ 40 ബയോ ഗ്യാസ് യൂണിറ്റ്, ഒന്നിന് 13500/- നിരക്കിൽ മുടക്കുഴ പഞ്ചായത്ത് പരിധിയിൽ വിതരണം നടത്തിയിട്ടുണ്ട്. സോഷ്യോ എക്കണോമിക് യൂണിറ്റ്, ആലുവ എന്ന സ്ഥാപനത്തിന് ഈയിനത്തിൽ ആകെ 540000/- രൂപ വികസന ഫണ്ടിൽ നിന്നും നൽകി. നൽകിയ തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| നൽകിയ തുക | ബിൽ നം./ തീയതി | ചെക്ക് നം./ തീയതി |
|---|---|---|
| 102000/- | | 2852319/22.8.17 |
| 138000/- | | 2326699/24.2.18 |
| 110400/- | 11/24.2.18 | |
| 70800/- | 01/22.8.17 | |

11880/- രൂപ മുൻവർഷത്തെ പ്രോജക്ടിൽപ്പെടുത്തി വൽകിയിരുന്നു. എക്കണോമിക് യൂണിറ്റ്, ആലുവയിൽ നിന്ന് ലഭ്യമായ ഇൻവോയ്സ് പ്രകാരം (മുൻവർഷത്തെ തുകകൾ ചേർത്തുള്ള ഇൻവോയ്സ് ആണ് ലഭ്യമാക്കിയത്)

ഇൻവോയ്സ് വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് പ്രകാരം തുക | ഇൻവോയ്സ് നം./തീയതി | CGST, SGST ഇനങ്ങളിലായിസോഷ്യോ എക്കണോമിക് യൂണിറ്റ് ഈടാക്കിയ തുക |
|---|---|---|
| 310500/- | SEUF/EKM /INV/17-18 /120/31.1.18 | 14786/- |
| 769500/- | SEUF/EKM | 36643/- |

| | | |
|---|---|---|
| | /INV/17-18 /132/18 /23,2.18 | |
| ആകെ | | 51429/- |

51429/-രൂപ CGST , SGST ഇനങ്ങളിലായാണ് സോഷ്യോ എക്കണോമിക് യൂണിറ്റ്, ആലുവ ഈടാക്കിയിട്ടുള്ളത്. ഒറിജിനൽ ബില്ലിന്റെ അഭാവത്തിൽ ഹാജരാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള GSTIN 32AACTSO303EIZA എന്ന നമ്പറിന്റെ ആധികാരികതയിൽ അവ്യക്തതയുണ്ട്. (GST വകുപ്പിന്റെ സൈറ്റിൽ search ചെയ്തതിൽ, ഈ നമ്പർ നിലവിലില്ല എന്ന വിവരമാണ് ലഭ്യമായത്). ബില്ലുകളിലെ GST നമ്പറുകളുടെ ആധികാരികത പരിശോധിക്കാതെയാണ് ഏജൻസികൾ ഹാജരാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഏജൻസികൾ ഹാജരാക്കുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് പകരം ഒറിജിനൽ ബില്ല് ലഭ്യമാക്കുവാൻ സ്ഥാപനങ്ങളോട് നിർദ്ദേശിക്കേണ്ടതാണ്. മാത്രമല്ല ടാക്സ് ഇനത്തിൽ വിവിധ സ്ഥാപനങ്ങൾ ഈടാക്കുന്ന തുകകൾ ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്,അവർ ലഭ്യമാക്കുന്ന ബില്ലുകളിലെ GST നമ്പറുകളുടെ ആധികാരികത പരിശോധിക്കേണ്ടതും ആയതിന് ശേഷം മാത്രം തുക കൈമാറുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## **3-13** വിനിയോഗ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 19813/19.01.18 | 309600 | 309600 | 0 |
| കെ എസ് ഇ ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ (കനാൽ ബണ്ട് കുരുപ്പക്കുന്ന് റോഡ്) | 21700785/04.01.18 | 7600 | 7600 | 0 |
| കെ എസ് ഇ ബി | ഇളമ്പകപ്പിള്ളി കുടിവെള്ള പൈപ്പ് ലൈൻ വലിയ്ക്കൽ | 25197/22.03.18 | 93624 | 93624 | 0 |
| കെ എസ് ഇ ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ(13-ാംവാർഡിലെ പോസ്റ്റ് മാറ്റുന്നതിന്) | 21701102/12.03.18 | 33630 | 33630 | 0 |
| ആകെ | | | | | 444454 |

പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. ആയതു വരെ

444454/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 340000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 340000 | 0 |
| | 200000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 1100000 | എസ് സി വിദ്യാർത്ഥികൽക്ക് പഠനമുറി | 800000 | 300000 |
| | 233800 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 233800 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 486933 | ലൈഫ് മിഷൻ പദ്ധതി | 486933 | 0 |
| | 250767 | ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം(എസ്.സി) | 250767 | 0 |
| | 3000000 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം | 200000 | 2800000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 19813/19.01.18 | 309600 | 309600 | 0 |
| കെ എസ് ഇ ബി | ഇളമ്പകപ്പിള്ളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ | 25197/22.03.18 | 93624 | 93624 | 0 |

| | | | | | |
|---|---|---|---|---|---|
| | വലിയ്ക്കൽ | | | | |
| കെ എസ് ഇ ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ (കനാൽ ബണ്ട് കരുപ്പക്കുന്ന് റോഡ്) | 21700785/04.01.18 | 7600 | 7600 | 0 |
| കെ എസ് ഇ ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ (13-ാംവാർഡിലെ പോസ്റ്റ് മാറ്റുന്നതിന്) | 21701102/12.03.18 | 33630 | 33630 | 0 |
| | ആകെ | | | 444454 | |

പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. ആയതുവരെ 444454/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ (രജിസ്റ്റർ പ്രകാരം) ലഭിച്ച 850/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2005-06 | 3-1 | 50 | ശ്രീ ടി കെ സന്തോഷ്, സെക്രട്ടറി | 117010103458/ 03.03.18 |
| 2004-05 | 3-1,3-2 | 625 | ശ്രീ ടി കെ സന്തോഷ്, സെക്രട്ടറി | 117010102803/ 30.01.18 |
| | 3-2 | 50 | ശ്രീ ടി കെ സന്തോഷ്, സെക്രട്ടറി | 117010102373/ 13.12.17 |
| | 3-2 | 125 | ശ്രീ ടി കെ സന്തോഷ്, സെക്രട്ടറി | 117010102884/ 07.02.18 |
| | ആകെ | 850 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63008232.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66119449.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33066.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 646331.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | | 29316 | ശ്രീമതി. മഞ്ജു കെ.ആർ, അസി.എഞ്ചിനിയർ |
| 3-2 | | 3750 | ശ്രീമതി. മഞ്ജു കെ.ആർ, അസി.എഞ്ചിനിയർ |
| ആകെ | | 33066 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 6877 | ശ്രീമതി കെ സി അനിത, സെക്രട്ടറി |
| 3-5 | 195000 | ഡോ രാജിക കുട്ടപ്പൻ, മെഡിക്കൽ ഓഫീസർ |
| 3-13 | 444454 | ശ്രീമതി കെ സി അനിത, സെക്രട്ടറി |
| ആകെ | 646331 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീമതി. മഞ്ജു കെ ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മുടക്കുഴ ഗ്രാമപഞ്ചായത്ത് | മുടത്താനിയിൽ, തൃക്കളത്തൂർ പി ഒ, മൂവാറ്റുപുഴ, എറണാകുളം |
| ശ്രീമതി.കെ സി അനിത, സെക്രട്ടറി | സെക്രട്ടറി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | തീരം ഹൗസ്, കരമാലൂർ പി ഒ, എറണാകുളം |
| ഡോ രാജിക കുട്ടപ്പൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, മുടക്കുഴ ഗ്രാമപഞ്ചായത്ത് | പൂഴിക്കുന്നേൽ വീട്, കൂടാലപ്പാട്,കൂവപ്പടി, എറണാകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015 തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10 തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10 തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10 തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ.(പി2)-1137/12 തീയതി: 12.09.2012 |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14 തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16 തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16 തീയതി.10.01.2017 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി2) 2026/17 തീയതി.22.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(പി.2) 155/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:18.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള

മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വിവിധ പ്രവൃത്തികൾക്ക് KSEB, KWA എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം നൽകിയതിൽ ലഭിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്